വകുപ്പുതലവൻ, സോണൽ ഡി.ഐ.ജി.മാർ തുടങ്ങിയവർ ജയിലുകൾ അടിക്കടി സന്ദർശിച്ച് പരാതികൾക്ക് പരിഹാരം ചെയ്തു കൊടുക്കാറുണ്ട്. സ്ത്രീകൾ ജയിലുകളിൽ അനുഭവിക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച് പരാതി നൽകുന്നതിനായി സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശുപാർശ അനുസരിച്ച് ജി.ഒ.(എം.എസ്.) 194/2002/ആഭ്യന്തരം തീയതി 30-11-2002 നമ്പർ സർക്കാർ ഉത്തരവുപ്രകാരം സുപ്രണ്ട് ഓഫ് പോലീസ് (വനിതാ സെൽ തിരുവനന്തപുരം) ചെയർമാനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ജയിൽ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ട്രാൻസ്ഫർ ഓഫ് സർവ്വീസ് വഴിയുള്ള നിയമനം

127 (806) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജയിൽവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും ട്രാൻസ്ഫർ ഓഫ് സർവ്വീസ് വഴി ഡെപ്യൂട്ടി ജയിലർ തസ്തികയിലേയ്ക്ക് നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നവരെയാണ് ഡെപ്യൂട്ടി ജയിലർ, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 എന്നീ തസ്തികകളിലേയ്ക്ക് ട്രാൻസ്ഫർ ഓഫ് സർവ്വീസ് വഴി നിയമിക്കുന്നതിനായി പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) മിനിസ്റ്റീരിയൽ സ്റ്റാഫിനെ ട്രാൻസ്ഫർ ഓഫ് സർവ്വീസ് മുഖേന എക്സിക്യൂട്ടീവ് വിഭാഗത്തിലേയ്ക്ക് നിയമനം നൽകുമ്പോൾ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് നടത്താറുണ്ടോ ;

(ഡി) റേഷ്യോ പ്രൊമോഷൻ സംബന്ധിച്ച 1959-ലെ കേരള ജയിൽ സബോഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതി വരുത്തുമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) സെൻട്രൽ ജയിൽ സൂപ്രണ്ട് തസ്തികയിലേയ്ക്ക് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് ട്രാൻസ്ഫർ ഓഫ് സർവ്വീസ്വഴി നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 മുതൽ ഡി.ഐ.ജി. വരെയുള്ള ഉദ്യോഗസ്ഥരിൽ പി.എസ്.സി. മിനിസ്റ്റീരിയൽ, വാർഡർ എസ്റ്റാബ്ലിഷ്മെന്റ് എന്നീ വിഭാഗത്തിൽ നിന്നും വന്നിട്ടുള്ളവരുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകുമോ ?

ഉത്തരം

(എ) ജയിൽ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും നാളിതുവരെ ഒരാൾക്ക് മാത്രമാണ് ട്രാൻസ്ഫർ ഓഫ് സർവ്വീസ്വഴി ഡെപ്യൂട്ടി ജയിലറായി നിയമനം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡെപ്യൂട്ടി ജയിലർ തസ്തികയിലേയ്ക്ക് 10% ഒഴിവുകൾ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും നിയമിക്കാമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ പ്രസ്തുത തസ്തികയിലേയ്ക്ക് ട്രാൻസ്ഫർ ഓഫ് സർവ്വീസ് മുഖേന നിയമിക്കപ്പെടുവാൻ താല്പര്യമുള്ളവരിൽ നിന്ന് യോഗ്യതയും സീനിയോറിറ്റിയും കണക്കാക്കി നിയമനം നടത്തുന്നു. അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1 തസ്തികയിലേയ്ക്ക് ക്ലാർക്ക്, സ്റ്റെനോഗ്രാഫർ, ടൈപ്പിസ്റ്റ് എന്നീ വിഭാഗങ്ങളിൽ നിന്നും അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് എൽ.ഡി. ക്ലാർക്ക്, ടൈപ്പിസ്റ്റ് വിഭാഗങ്ങളിൽ നിന്നും 25% വീതം ട്രാൻസ്ഫർ ഓഫ് സർവ്വീസ്വഴി നിയമിക്കണമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അപ്രകാരം നിയമനം നടത്തിവരുന്നു.

(സി) വാർഡർമാരൊഴികെ മറ്റൊരു തസ്തികയിലേയ്ക്കും കായികക്ഷമത ടെസ്റ്റ് നടത്തണമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അപ്രകാരം ടെസ്റ്റ് നടത്താറില്ല.

(ഡി) 1959-ലെ കേരളാ ജയിൽ സബോഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതി നടത്തുന്നതിനുവേണ്ടി സർവ്വീസ് സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി. ചർച്ചയുടെ വെളിച്ചത്തിൽ സർക്കാർ നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തി പുതിയ നിർദ്ദേശം സമർപ്പിക്കുവാൻ ജയിൽവകുപ്പ് തലവനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളാ ജയിൽ സബോഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് കേരളാ ജയിൽ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയിൽ നിന്ന് 11-7-2002-നും 5-3-2003-ലും രണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ശ്രീ. സി. കെ. വിജയൻ, സബ് ജയിൽ സൂപ്രണ്ട്, വടകര, ശ്രീ. സി. പി. ശശീന്ദ്രൻ അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 തുടങ്ങിയ ജീവനക്കാരിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങളിന്മേൽ ജയിൽ എ.ഡി.ജി.പി.യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഇ) സെൻട്രൽ ജയിൽ സൂപ്രണ്ട് തസ്തികയിലേയ്ക്ക് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് ട്രാൻസ്ഫർ ഓഫ് സർവ്വീസ് വഴി നിയമനം നടത്തുന്നതിന് തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല.

(എഫ്)1. ഡി.ഐ.ജി.യുടെ ആകെയുള്ള മൂന്ന് തസ്തികകളിൽ ഒരെണ്ണം ഒഴിഞ്ഞ് കിടക്കുന്നു. രണ്ട് പേർ പി.എസ്.സി. വഴി തെരഞ്ഞെടുക്കപ്പെടുകയും പ്രമോഷൻ മുഖാന്തിരം ഡി.ഐ.ജി. തസ്തികയിലെത്തിയവരുമാണ്.

2. സൂപ്രണ്ട് (സെൻട്രൽ പ്രിസൺ/ഓപ്പൺ പ്രിസൺ/മിക്ക പ്രിൻസിപ്പൽ) ആകെ തസ്തികകൾ - അഞ്ച്, മൂന്നുപേരും പി.എസ്.സി. മുഖാന്തിരം അസിസ്റ്റന്റ് ജയിലർ തസ്തികയിൽ നിയമനം ലഭിക്കുകയും പ്രമോഷൻ വഴി സൂപ്രണ്ട് തസ്തികയിലെത്തിയവരുമാണ്. 2 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. ജയിലർ - ആകെ തസ്തികകൾ - 12 ഏഴ് പേർ തസ്തിക മാറ്റംവഴി അസിസ്റ്റന്റ് ജയിലർ തസ്തികയിൽ നിയമിതരായി പ്രമോഷൻ ലഭിച്ചവരും അഞ്ച് പേർ പി.എസ്.സി. മുഖാന്തിരം അസിസ്റ്റന്റ് ജയിലർമാരായി തെരഞ്ഞെടുക്കപ്പെട്ട പ്രമോഷൻ ലഭിച്ചവരുമാണ്.

4. ഡെപ്യൂട്ടി ജയിലർ - ആകെ തസ്തിക - 14 (ഒരെണ്ണം ഒഴിഞ്ഞു കിടക്കുന്നു.) ഒരാൾ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് നേരിട്ട് ഡെപ്യൂട്ടി ജയിലർ തസ്തികയിൽ തസ്തികമാറ്റംവഴി നിയമിതനായി. രണ്ട് പേർ തസ്തിക മാറ്റംവഴി മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1 ആയി നിയമിതരായി പ്രമോഷൻ ലഭിച്ചവരും മൂന്ന് പേർ അസിസ്റ്റന്റ് ജയിലർ തസ്തികയിൽ പി.എസ്.സി.വഴി നിയമിതരായി പ്രമോഷൻ ലഭിച്ചവരും ഏഴ് പേർ വാർഡർ തസ്തികയിൽ നിന്ന് പ്രമോഷൻ ലഭിച്ചവരുമാണ്.

5. അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1 ആകെ തസ്തികകൾ - 56 ഒമ്പത് തസ്തികകൾ യോഗ്യരായവരില്ലാത്തതിനാൽ ഒഴിഞ്ഞു കിടപ്പുണ്ട്. 14 പേർ പി.എസ്.സി. മുഖാന്തിരം നേരിട്ട് തെരഞ്ഞെടുക്കപ്പെട്ടവരും രണ്ട് പേർ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് തസ്തിക മാറ്റംവഴി നേരിട്ടും ആറ് പേർ തസ്തിക മാറ്റംവഴി മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 ആയി നിയമിക്കപ്പെട്ടു പ്രമോഷൻ ലഭിച്ചവരുമാണ്. 25 പേർ അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2-ൽ നിന്ന് പ്രമോഷൻ ലഭിച്ചവരാണ്.

6. അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 - ആകെ തസ്തികൾ - 30 പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ആറ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഒരാൾ മാത്രം മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് തസ്തികമാറ്റംവഴി നിയമിക്കപ്പെട്ടതും ബാക്കി 23 പേർ ഹെഡ്വാർഡർമാരിൽ നിന്നും പ്രമോഷൻ ലഭിച്ചു വന്നവരുമാണ്.

കേന്ദ്രഫണ്ടിൽ നിന്ന് തിരുവനന്തപുരം കോർപ്പറേഷന് അനുവദിച്ച ഫണ്ട്

128 (840) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 വർഷങ്ങളിൽ കേന്ദ്രഫണ്ടിൽ നിന്ന് തിരുവനന്തപുരം കോർപ്പറേഷന് നഗര വികസനത്തിനായി ഏതെല്ലാം ഫണ്ടുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഓരോന്നിലും എന്ത് തുക വീതം അനുവദിച്ചു ;

(സി) എന്തു തുക ചെലവഴിച്ചു ;

(ഡി) ഇതിൽ ഏതെങ്കിലും ഫണ്ടിൽ നിന്നും അനുവദിച്ച തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly